സർക്കാരിൽ സംസ്ഥാനത്തിനുവേണ്ടി ശബ്ദമുയർത്താൻ നമ്മുടെ പാർല മെന്റ് അംഗങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 1996 മുതൽ 1998 വരെയുള്ള കേന്ദ്ര നിക്ഷേപം ചുവടെ ചേർക്കുന്നു.

31.3.1996 3390.02 കോടി

31.3.1997 3991.76 കോടി

31.3.1998 4715.80 കോടി

(സി) ഏറ്റവും അവസാനം ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം 31.3.1998-ൽ 4715.80 കോടി രൂപയായിരുന്നു. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 1.5 ശതമാനമാണ്.

6 (1232) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ബി.ഐ.എഫ്.ആർ-ന് റഫർ ചെയ്തിട്ടുള്ളത്;

(ബി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരി ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു; ഇത് സംബന്ധിച്ച് ആരെല്ലാമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുതിയതായി സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു; എത്രകോടി രൂപാ വീതം?

ഉത്തരം

(എ) ഓട്ടോ കാസ്റ്റ് ലിമിറ്റഡ് ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രി ക്കൽസ് കേരള ലിമിറ്റഡ് കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് കെൽട്രോൺ റെക്ടിഫൈ യേസ് ലിമിറ്റഡ്, കെൽട്രോൺ കൗൺടേഴ്സ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ബി.ഐ.എഫ്. ആർ-ന് റഫർ ചെയ്തിട്ടുള്ളത്.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) വിവിധ മേഖലകളിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപന ങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. കമ്പനികളുടെ പുനരുദ്ധാരണത്തിനാ യുള്ള പ്രൊപ്പോസലുകളിൻമേൽ വിദഗ്ധ കമ്മിറ്റികൾ വിശദമായ പഠനം നടത്തി അതുപ്രകാരമുള്ള മാർഗ്ഗരേഖകളിൻമേൽ നടപടികൾ സ്വീകരിച്ചു കഴി ഞ്ഞതിനുശേഷം മാത്രമേ ഓരോ കമ്പനിക്കും എത്ര രൂപാ വീതം നൽകു മെന്ന് പറയാൻ കഴിയൂ. കേരള ഇൻഡസ്ട്രിയൽ റീ വൈറ്റലൈസേഷൻ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മുഖേന 240 കോടി രൂപയാണ് കമ്പനികളുടെ പുനരുദ്ധാരണത്തിനായി ചെല വഴിക്കാൻ ഉദ്ദേശിക്കുന്നത്.

7 (1233) പൊതുമേഖലാ സ്ഥാപനങ്ങളുടെ 1998-99-ലെ പ്രവർത്തനം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) 1998-99 വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കമ്പനി നിയമപ്രകാരം 1998-99 വർഷത്തിലെ ലാഭനഷ്ട കണക്കുകൾ ആഡിറ്റ് ചെയ്ത് പൂർത്തീകരിക്കാൻ 1999 സെപ്റ്റംബർ 30 വരെ സമയമുള്ളതിനാൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 1998-99 വർഷത്തെ കണക്കുകൾ ശേഖരിച്ചു വരുന്നതേയുള്ളൂ. ('1999 മാർച്ചിൽ പ്രസി ദ്ധീകരിച്ച റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ്' പ്രകാരം 1997-98 വർഷ ത്തിൽ സംസ്ഥാനത്ത് 42 പൊതുമേലാ സ്ഥാപനങ്ങൾ ലാഭത്തിലും, 47 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു.) സ്ഥാപനങ്ങളുടെ പേരും അവയുടെ ലാഭനഷ്ടങ്ങൾ കാണിക്കുന്ന ലിസ്റ്റ് അനുബന്ധം (1)-ഉം (2)-ഉം ആയി വച്ചിട്ടുണ്ട്.†

8 (1234) പൂട്ടിയ വ്യവസായങ്ങൾ തുറക്കുന്നതിനുള്ള നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൂട്ടിയിട പ്പെട്ട എത്ര വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) അവ ഏതൊക്കെ എന്ന് അറിയിക്കുമോ?

(സി) ഇങ്ങനെ തുറന്നു പ്രവർത്തിപ്പിച്ച വ്യവസായങ്ങളിൽ ഗവൺമെന്റ് അധിക മൂലധന നിക്ഷേപം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് തുകയ്ക്കുള്ള നിക്ഷേപം;

(ഇ) ഇങ്ങനെ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞ വ്യവസായ ശാലകളിൽ എത്ര തൊഴിലാളികളാണ് ഉള്ളത്;

(എഫ്) ഈ സ്ഥാപനങ്ങളിലെ ഭരണ വിഭാഗം ഉദ്യോഗസ്ഥൻമാർ എത്രയാണ്;

(ജി) ഇവരുടെ വിശദ വിവരം ലഭ്യമാക്കുമോ?

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly